**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2168** **05-02-2026-ൽ മറുപടിയ്ക്ക്**

**108 ആംബുലൻസ് പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. സിദ്ദീഖ് ശ്രീ. കെ. മുരളീധരൻ

ശ്രീ. ടി. സിദ്ദീഖ് (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

N/A independent_member_mock

**(എ)** 108 ആംബുലൻസ് പദ്ധതിയുടെ കരാർ ജി. വി. കെ. എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് വീണ്ടും നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**മറുപടി:** 2019-2024 ലെ 108 ആംബുലൻസ് പദ്ധതി നടത്തിപ്പിനായി ജി. വി. കെ. എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനവുമായി നിലനിന്നിരുന്ന കരാർ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ, കനിവ്-108 പദ്ധതി തുടരുന്നതിനായി ഇ-ടെൻഡർ നടപടികൾ ആരംഭിക്കാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷന് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് മറ്റു സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സമാന മേഖലയിൽ പരിജ്ഞാനമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി, ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരമുള്ള ആവശ്യമായ പരിഷ്കാരങ്ങൾ റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിൽ (RFP) ഉൾപ്പെടുത്തിയ ശേഷം, കനിവ്-108 ആംബുലൻസ് പദ്ധതിയുടെ അന്തിമ ടെൻഡർ രേഖ 19.01.2025-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. ടെൻഡർ നടപടികൾ പാലിച്ച് ടെക്നിക്കൽ ബിഡുകൾ തുറന്ന് പരിശോധനയ്ക്ക് വിധേയമാക്കുകയും, ടെൻഡർ രേഖകളുടെയും അവതരണങ്ങളുടെയും അടിസ്ഥാനത്തിൽ, ടെക്നിക്കൽ മൂല്യനിർണയ മാനദണ്ഡങ്ങൾ അനുസരിച്ച്, ജി. വി. കെ. എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം ഉൾപ്പെടെ മൂന്നു കമ്പനികൾ സാങ്കേതിക പരിശോധനയിൽ വിജയിക്കുകയും, ഫിനാൻഷ്യൽ ബിഡുകൾ തുറക്കാൻ യോഗ്യരാകുകയും ചെയ്തു. ടെൻഡറിൽ പങ്കെടുത്ത കമ്പനികൾ സമർപ്പിച്ച അധിക വിശദീകരണങ്ങൾ സമഗ്രമായി വിലയിരുത്തിയ ശേഷം, പ്രസ്തുത ടെൻഡറിന്റെ ഫിനാൻഷ്യൽ ബിഡ് തുറക്കുകയും, ഏറ്റവും കുറവ് നിരക്ക് സമർപ്പിച്ച ഇ.എം.ആർ.ഐ. ഗ്രീൻ ഹെൽത്ത് സർവ്വീസസ് (EMRI Green Health Services) എന്ന കമ്പനി L1 ആകുകയും ചെയ്തു. ഇതിനെതിരെ ജയ് അംബേ എമർജൻസി സർവീസസ് ഫയൽ ചെയ്ത കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി, കനിവ്-108 ആംബുലൻസ് പദ്ധതിയുടെ പ്രവർത്തനത്തിനായി ഇഎംആർഐ ഗ്രീൻ ഹെൽത്ത് സർവീസസിനെ തിരഞ്ഞെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടും, ടെൻഡർ വ്യവസ്ഥകൾ പ്രകാരം ഏജൻസിയുമായി കരാറിൽ ഏർപ്പെടാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനെ അനുവദിക്കുകയും ചെയ്തുകൊണ്ട് 23.11.2025 ലെ സ.ഉ(സാധാ.) 3661/2025/H&FWD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 20.01.2026-ന് ഇ.എം.ആർ.ഐ. ഗ്രീൻ ഹെൽത്ത്

സർവ്വീസസ് (EMRI Green Health Services), കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനുമായി കനിവ് 108 ആംബുലൻസ് പദ്ധതിയുടെ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

**(ബി)** മറ്റ് സംസ്ഥാനങ്ങളിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള പ്രസ്തുത സ്ഥാപനത്തിന് കരാർ നൽകാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനം വിശദമാക്കാമോ?

**മറുപടി:** കനിവ്-108 ആംബുലൻസ് പദ്ധതിയുടെ പ്രവർത്തനത്തിനായി ജനുവരി 2025-ൽ ക്ഷണിച്ച ടെൻഡറിൽ നിർദേശിച്ച യോഗ്യതാ വ്യവസ്ഥകളും നിലവിലുള്ള നിയമസ്ഥിതിയും കർശനമായി പാലിച്ചുകൊണ്ടാണ് കരാർ നൽകിയിരിക്കുന്നത്. പ്രീ-ക്വാളിഫിക്കേഷൻ മാനദണ്ഡങ്ങൾ പ്രകാരം, ഏതെങ്കിലും സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാർ വകുപ്പോ ഏർപ്പെടുത്തിയ ബ്ലാക്ക്‌ലിസ്റ്റിംഗ് അല്ലെങ്കിൽ ഡീബാർമെന്റ് ടെൻഡറിൽ പങ്കെടുക്കുന്ന സമയത്ത് പ്രാബല്യത്തിൽ ഉണ്ടായാൽ മാത്രമേ ഒരു ബിഡ്ഡർ അയോഗ്യനായി കണക്കാക്കപ്പെടുകയുള്ളൂ. കാലഹരണപ്പെട്ടതോ, സ്റ്റേ ലഭിച്ചതോ, അല്ലെങ്കിൽ അധികാരമുള്ള കോടതിയാൽ റദ്ദാക്കപ്പെട്ടതോ ആയ മുൻകാല ഡിബാർമെന്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അയോഗ്യത ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ടെൻഡർ നിബന്ധനകളിൽ ഉൾപ്പെടുത്തിയിട്ടില്ല.ടെൻഡർ മൂല്യനിർണയ പ്രക്രിയയ്ക്കിടെ, ചില ബിഡ്ഡർമാർക്കെതിരെ മറ്റ് സംസ്ഥാനങ്ങളിൽ ബ്ലാക്ക് ലിസ്റ്റിംഗ് അല്ലെങ്കിൽ ഡിബാർമെന്റ് നിലവിലുണ്ടെന്ന ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. ഈ ആരോപണങ്ങൾ ടെൻഡർ മൂല്യനിർണയ സമിതി പരിശോധിക്കുകയും, ബിഡ്ഡർമാർ സമർപ്പിച്ച ബന്ധപ്പെട്ട രേഖകൾ വിളിച്ചു വരുത്തി പരിശോധിച്ച്, അവയുടെ നിലവിലെ നിയമസ്ഥിതി സ്ഥിരീകരിക്കുകയും ചെയ്തു. ഇ.എം.ആർ.ഐ. ഗ്രീൻ ഹെൽത്ത് സർവ്വീസസ് (EMRI Green Health Services) എന്ന കമ്പനിയുടെ കാര്യത്തിൽ, ചൂണ്ടിക്കാണിക്കപ്പെട്ട ഡിബാർമെന്റ് ഉത്തരവ് അധികാരമുള്ള കോടതിയാൽ റദ്ദാക്കിയതായി തെളിയിക്കുന്ന ന്യായവിധികളുടെ പകർപ്പുകൾ ബിഡ്ഡർ സമർപ്പിച്ചു. ബിഡ് സമർപ്പിച്ച തീയതിയിൽ യാതൊരു ബ്ലാക്ക് ലിസ്റ്റിംഗും ഡിബാർമെന്റും പ്രാബല്യത്തിൽ ഉണ്ടായിരുന്നില്ലെന്നും അതിലൂടെ വ്യക്തമായി. അതിന്റെ അടിസ്ഥാനത്തിലാണ് ടെൻഡർ മൂല്യനിർണയ സമിതി പ്രസ്തുത കമ്പനിക്ക് യോഗ്യത ഉള്ളതായി കണ്ടെത്തിയത്. കൂടാതെ, ടെൻഡർ പ്രക്രിയക്കെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കപ്പെട്ടപ്പോൾ, ഹർജി പരിഗണനയ്ക്ക് സ്വീകരിക്കുന്നതിനൊപ്പം, ഹർജിയുടെ അന്തിമ വിധിക്ക് വിധേയമായി ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ കോടതി അനുമതി നൽകി. പ്രസ്തുത വിധിന്യായ നിർദ്ദേശത്തിന് അനുസൃതമായി, ഉചിതമായ സുരക്ഷാ മുൻകരുതലുകൾ ഉൾപ്പെടുത്തിയാണ് കരാർ നൽകിയിട്ടുള്ളത്

**സെക്ഷൻ ഓഫീസർ**